(എച്ച്) സംവിധാനമുണ്ട്. നിശ്ചിത സമയത്ത് കമ്പാക്ഷൻ നടത്തിയില്ലെങ്കിൽ ഡിപ്പാർട്ട്മെന്റ് നേരിട്ട് നടത്തി അവരിൽ നിന്ന് തുക ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ഐ) നിർദ്ദേശിച്ചിട്ടുണ്ട്.

(ജെ) റെക്ടിഫിക്കേഷൻ എത്രയും പെട്ടെന്നുതന്നെ ചെയ്തുവരുന്നുണ്ട്.

(കെ) മഴക്കാലത്ത് ടാർ കട്ടിംഗ് അടിയന്തിര ഘട്ടങ്ങളിൽ മാത്രമേ ചെയ്യുവാൻ അനുമതി നൽകാറുള്ളൂ.

സ്വകാര്യ ഏജൻസികൾ ഏറ്റെടുത്തു നടത്തുന്ന റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണം

90 [706] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണമാണ് സ്വകാര്യ ഏജൻസികളെ ഏൽപ്പിച്ചിട്ടുള്ളതെന്ന് പറയാമോ;

(ബി) ഇപ്പോൾ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് നടന്നുകൊണ്ടിരിക്കുന്നത്:

(സി) ഇവ എന്നാരംഭിച്ചതാണെന്ന് പറയാമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി ആന്റ് സി) ഇവയുടെ പ്രാരംഭ ജോലികൾ നടന്നുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല.

മയ്യനാട് താന്നിപ്പാലത്തിന്റെ പുനർനിർമ്മാണം

91 [707] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മയ്യനാട് താന്നി പാലത്തിന്റെ മുടങ്ങി കിടക്കുന്ന പണി പുനരാരംഭിക്കുവാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ബി) പാലം പണി എന്നത്തേക്ക് പുനരാരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) പാലം പണി പുനരാരംഭിക്കുന്നതിനെപ്പറ്റി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തുകയും ഇക്കാര്യം ആർബിട്രേഷൻ കമ്മിറ്റി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിൽ നിലവിലുള്ള സ്റ്റേ ഒഴിവാക്കിക്കിട്ടിയശേഷം ഡിപ്പാർട്ടുമെന്റ് നേരിട്ട് പാലത്തിന്റെ ശേഷിക്കുന്ന പണികൾ ചെയ്യുന്നതിന് തീരുമാനിച്ചതനുസരിച്ച് അതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. സ്റ്റേ ഒഴിവാക്കി കിട്ടുന്നതിനുള്ള തീവ്രശ്രമങ്ങൾ നടത്തിവരുന്നു.

കാരാഞ്ചിറയിലെ വിവിധ പാലങ്ങളുടെ നിർമ്മാണം

92 [708] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരാഞ്ചിറ വലിയ പാലത്തിന്റെയും, ചെറിയ പാലത്തിന്റെയും നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പാലങ്ങളുടെ നിർമ്മാണം എന്നാണ് പൂർത്തിയാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വലിയ പാലം പൊളിച്ചു മാറ്റുമ്പോൾ പകരം നടപ്പാലം നിർമ്മിക്കാമെന്നുള്ള സർക്കാർ വാഗ്ദാനം പാലിക്കാത്തത് എന്തുകൊണ്ടാണ്; നടപ്പാലം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കരുവന്നൂർ പുഴയുടെ പാലത്തിന്റെ അടിഒഴുക്കും ആഴവും കണക്കിലെടുത്ത് ബദൽ സംവിധാനം എന്ന നിലയിൽ നടപ്പാലം തന്നെയായിരിക്കണമെന്ന ആവശ്യം പരിഗണിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) കരുവന്നൂർ പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ നിർമ്മാണം എന്നാണ് പൂർത്തിയാവുക എന്ന് വ്യക്തമാക്കാമോ;

(എഫ്) കാലപ്പഴക്കം വന്ന തൃശ്ശൂർ-തൃപ്പയാർ റോഡിലെ പഴുവിൽ പാലം പൊളിച്ചു പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005 ഒക്ടോബർ മാസം.

(സി ആന്റ് ഡി) ഒരു നടപ്പാലം പണിയുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുണ്ട്. കൂടാതെ പാലം പുനർനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള തീവ്രശ്രമങ്ങളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly